# സെൻ്റ് ആൻ്റണീസ് എൽ.പി സ്കൂൾ, സൗദി

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

---

സ്കൂൾ നേരിടുന്ന വെല്ലുവിളികൾ (പരിമിതികൾ)

അക്കാദമികം

- വായനയിലും എഴുത്തിലും ഉള്ള അപര്യാപ്തത
- പഠനാനുഭവങ്ങൾ പാൽപ്പായസം പോലെ കുഞ്ഞുങ്ങളിൽ എത്തിക്കാൻ കഴിയാത്ത അവസ്ഥ
- ബോധനരീതി ശരിയായി ക്രമീക്കാൻ കഴിയാത്തത്
- സമഗ്രവും സമയബന്ധിതവുമായ മൂല്യനിർണയ പ്രവർത്തനങ്ങൾ നടക്കാത്തത്.
- പരിഹാരബോധനം സമയബന്ധിതമായി കൊടുക്കാൻ പറ്റാത്ത അവസ്ഥ
- ഭിന്നശേഷി നിലവാരമുള്ള കുട്ടികളെ പ്രായോഗികമായി കൈകാര്യം ചെയ്യുന്നതിലുള്ള പരിധി
- ആരോഗ്യപരമായ സ്ത്രീപുരുഷ സമത്വത്തെക്കുറിച്ചും, തുല്യതയെക്കുറിച്ചും, ലിംഗസമത്വത്തെ കുറിച്ചുമുള്ള കാഴ്ചപ്പാട് കൊടുക്കാനാവാത്തത്.

- സ്മാർട്ട് ക്ലാസ് റൂമിന്റെ അപര്യാപ്തത - ICT സാധ്യതയുള്ള പഠന നേട്ടങ്ങൾ കൈവരിക്കാതെ പോകുന്നത്.
- ലഹരി, ചൂഷണം എന്നീ സാമൂഹിക തിൻമകൾക്കെതിരെ പ്രതികരിക്കാൻ പറ്റാത്ത അവസ്ഥ.
- മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാൻ സാധിക്കാത്തത്.
- കലാകായിക അധ്യാപകരുടെ സേവനം കിട്ടാത്ത അവസ്ഥ.
- സർഗാത്മകത വളർത്തിയെടുത്ത് അത് പരിപോഷിപ്പിക്കുന്നതിനുള്ള അപര്യാപ്തതകൾ.

## വിദ്യാലയ മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## (ഒറ്റ നോട്ടത്തിൽ)

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കളിസ്ഥലം | പി.ടി.എ. ശാക്തീകരണം |
| ഗണിത ശേഷി വികസനം | ആകർഷണീയമായ കെട്ടിടം | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം. | കുട്ടികൾക്ക് കളിയുപകരണങ്ങൾ | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| വായനാ പരിപോഷണം. | Kids Park | എസ്.എസ്.ജി. |
| ലൈബ്രറി ശാക്തീകരണം. | ഡൈനിംഗ് ഹാൾ | കോർണർ പി.റ്റി.എ. |
| സയൻസ് ലാബ് നവീകരണം | സ്മാർട്ട് ക്ലാസ്സ് മുറികൾ | ഭവന സന്ദർശനം |
| പ്രതിഭാ പോഷണ പരിപാടി | മാലിന്യ സംസ്കരണം | |
| ജൈവ വൈവിധ്യ പാർക്ക് | ഭാഷോത്സവം | |
| സാഹിത്യപോഷണ പരിപാടികൾ | ഗണിതോത്സവം | |
| പഠനയാത്രകൾ | മെട്രിക് മേള | |
| കലാകായിക മേളകൾ | ജന്മദിനത്തിനൊരു | |

| | | |
|---|---|---|
| കമ്പ്യൂട്ടർ പരിശീലനം<br>അധ്യാപകശാക്തീകരണ പരിപാടികൾ<br>പ്രവൃത്തി പരിചയ പഠനം<br>ഒന്നാം ക്ലാസ്സ് ഒന്നാം തരം.<br>എസ്. ആർ.ജി. ശാക്തീകരണം.<br>പോഷകാഹാര പരിപാടി<br>ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ<br>ദിനാചരണങ്ങൾ<br>കായിക പഠനം<br>അഭിമുഖ സംഭാഷണം<br>പച്ചക്കറിത്തോട്ടം, | പുസ്തകം | |

# പദ്ധതി വിശദാംശങ്ങൾ :

**പ്രവർത്തനം 1**

**മേഖല - അക്കാദമികം** ഉപമേഖല - മലയാളം, ഇംഗ്ലീഷ് വായനാക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br><br>എല്ലാ കുട്ടികളേയും ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ സ്വതന്ത്ര | പത്രവായന.<br><br>മലയാളം ദിനപ്പത്രങ്ങൾ, ഇംഗ്ലീഷ് ദിനപ്പത്രങ്ങൾ എന്നിവ വരുത്തുന്നു. പത്ര | മധ്യമകാലം<br><br>ജൂൺ- 19 വായനാ ദിനം മുതൽ മാർച്ച് വരെ. | ക്ലാസ്സ് അധ്യാപകർ | സമ്മാനങ്ങൾ- അധ്യാപകർ<br>Rs.13000/-<br>സുമനസ്സുകളിൽ |

| | | | | |
|---|---|---|---|---|
| വായനക്കാരാക്കി മാറ്റുക.<br><br>വായന ഒരു ശീലവും ഹരവും ആക്കി മാറ്റുക.<br><br>പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് ചിത്ര വായന | വായനാ മൽസരം അസംബ്ലിയിൽ പത്ര വാർത്തകൾ വായി ക്കുന്നു.<br><br>പത്രവായനാ-ക്വിസ്. വായനാ വിശേഷ ങ്ങൾ പങ്കു വയ്ക്കു ന്നതിന് അവസര മൊരുക്കുന്നു.<br><br>അഭിമുഖങ്ങൾ അക്ഷരോത്സവം ചിത്രവായന യ്ക്കായി ധാരാളം സാഹചര്യങ്ങൾ ഒരു ക്കുന്നു. "ശ്രദ്ധ" "മലയാളത്തിളക്കം" വാക്കുകൾ വളയ ത്തിലാക്കൽ. ഫ്ളാഷ് കാർഡ്, വാക്യ കേളി, പദ കേളി | | | നിന്ന് |

പ്രവർത്തനം 2

**മേഖല - അക്കാദമികം** **ഉപമേഖല - എല്ലാ വിഷയങ്ങളിലും ഉള്ള പരിഹാര ബോധനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നേടേണ്ട പഠന നേട്ടങ്ങൾ നേടുന്ന തിന് കുട്ടികളെ പ്രാപ്തരാക്കുക. | പ്രീ ടെസ്റ്റ് ജൂൺ ആദ്യവാരം നട ത്തുന്നു. നേടാത്ത ശേഷികൾ കണ്ടെ ത്തുന്നു. പരിഹാര ബോധനം നടത്തു ന്നു.<br><br>പിന്നോക്കം നിൽക്കുന്ന കുട്ടി | മധ്യമകാലം<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ 9.00AM TO 09.45AM | ക്ലാസ്സ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കൾക്ക് കളികളിലൂടെയും പ്രോത്സാഹജനകമായ പ്രവർത്തനങ്ങളിലൂടെയും പരിഹാരബോധനം നടത്തുന്നു. | | | |

**പ്രവർത്തനം 3**

**മേഖല - അക്കാദമികം** **ഉപമേഖല - നിരന്തര മൂല്യ നിർണ്ണയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരന്തര മൂല്യ നിർണ്ണയത്തിലൂടെ കുട്ടികളെ നിലയിരുത്തുന്നു. | ചോദ്യക്കൂട്ടങ്ങൾ നിർമ്മാണം - കുട്ടികൾ സ്വയം ചോദ്യക്കൂട്ടങ്ങൾ കണ്ടെത്തുന്നു. വിലയിരുത്തുന്നു. | ഹ്രസ്വ കാലം | ക്ലാസ്സ് അധ്യാപകർ | |

**പ്രവർത്തനം 4**

**മേഖല - അക്കാദമികം** **ഉപമേഖല - ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദേശീയ പ്രാധാന്യവും പ്രത്യേകതയും തിരിച്ചറിയുന്നു. | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് അസംബ്ലിയിൽ പ്രത്യേകം സന്ദേശം, പ്രതിജ്ഞാ, ലഘു പ്രസംഗം തയ്യാറാ | ഹ്രസ്വ കാലം<br>ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി. | |

| | | | | |
|---|---|---|---|---|
| | ക്കൽ, പറയൽ, ബുള്ളറ്റിൻ ബോർഡിൽ അതിന്റെ പ്രത്യേക തകൾ പ്രദർശിപ്പി ക്കൽ<br><br>പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് - തോരണം തയ്യാറാ ക്കൽ, പോസ്റ്റർ നിർമ്മാണം | | | |

**പ്രവർത്തനം 5**

**മേഖല - അക്കാദമികം ഉപമേഖല - ലൈബ്രറി ശാക്തീകരണം - ഭാഷാശേ ഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഭാഷാശേഷിക ൾ വികസനം. വിവിധ സാഹിത്യ രൂപ ങ്ങൾ പരിചയ പ്പെടൽ ലൈബ്രറി നവീ കരണം | ലൈബ്രറിയിൽ കൂടുതൽ പുസ്ത കങ്ങൾ ശേഖരി ക്കുവാൻ "പിറ ന്നാൾ സമ്മാനം ഒരു പുസ്തകം" എന്നത് ആവി ഷ്ക്കരിക്കുന്നു. ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കൽ. പുസ്തക വിത രണം ശരിയായി വിനിയോഗി ക്കുന്നു പതിപ്പ് തയ്യാറാക്കൽ. പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് - ചിത്രങ്ങൾ അട ങ്ങിയ പുസ്തക ങ്ങൾ നൽകുന്നു. | ഹ്രസ്വ കാലം | ദിപ്തി ജോസ് | സ്പോൺസർഷിപ്പ് |

## പ്രവർത്തനം 6

**മേഖല - അക്കാദമികം ഉപമേഖല - ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. (ആശയവിനിമയം) | ICT ഉപയോഗിച്ച് പ്രവർത്തനങ്ങൾ പ്രഗത്ഭരുടെ പ്രസംഗം. അസംബ്ലിയിൽ (News paper reading English), വിവരണം തയ്യാറാക്കൽ, ഇംഗ്ലീഷ് ഡേ, "Well", നാടകം. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് Hallo English, Add some more lines. | ഹ്രസ്വ കാലം<br>ജൂൺ മുതൽ മാർച്ച് | ദീപ്തി ജോസ്<br>പ്രഗത്ഭർ | |

## പ്രവർത്തനം 7

**മേഖല - അക്കാദമികം ഉപമേഖല - കമ്പ്യൂട്ടർ സാക്ഷരത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നൂതന സാങ്കേതിക വിനിമയങ്ങളിൽ അറിവു നേടുന്നു. | കമ്പ്യൂട്ടർ സാക്ഷരത, പെയിന്റിംഗ്, കളറിംഗ്, എഡിറ്റിംഗ്, എം. എസ്. വേഡ്, പവർ പോയിന്റ് എന്നിവയിൽ പരിശീലനം<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ജി | ഹ്രസ്വ കാലം | കമ്പ്യൂട്ടർ ടീച്ചർ | Rs.50000/- |

| | | | | |
|---|---|---|---|---|
| | കോബ്രിക്സ് ഗെയിമുകൾ | | | |

പ്രവർത്തനം 8

**മേഖല - അക്കാദമികം ഉപമേഖല - അധ്യാപകശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനാനുഭവങ്ങൾ പാൽപ്പായസം പോലെ കുട്ടികളിലേക്ക് എത്തിക്കാൻ. | സർക്കാരിന്റെ ക്ലസ്റ്റർ പരിശീലനങ്ങൾ കൂടാതെ കോർപ്പറേറ്റ് മാനേജരുടെ നേതൃത്വത്തിൽ അധ്യാപകർക്ക് മികച്ച പരിശീലനം നൽകുന്നു. | മധ്യവേനലവധി മറ്റ് അവധി ദിനങ്ങൾ | മാനേജർ | മാനേജ്മെന്റ് |

പ്രവർത്തനം 9

**മേഖല - അക്കാദമികം ഉപമേഖല - പരിസരപഠനം രസകരമാക്കാൻ (ശാസ്ത്രം)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ഗവേഷണ ത്വരത വളർത്തുന്നതിനും. ദേശ സ്നേഹം വളർത്തുന്നതിനും. | ശേഖരണ പ്രോജക്ടുകൾ. നിരീക്ഷണ പ്രോജക്ടുകൾ. പരീക്ഷണങ്ങളിൽ ഏർപ്പെടൽ - നിഗമനങ്ങളിൽ എത്തിച്ചേരൽ. പതിപ്പു തയ്യാറാക്കൽ. മഹാത്മാരുടെ ജീവചരിത്രം തയ്യാറാക്കൽ. | ഹ്രസ്വകാലം ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നമ്മുടെ പ്രദേശം പ്രത്യേകതകൾ - മേൻമ പറയൽ കളി. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശേഖരണ പ്രോജക്ടുകൾ ഔഷധത്തോട്ട നിർമ്മാണം, പരിപാലനം, ചിത്രങ്ങൾ ഒട്ടിക്കൽ | | | |

പ്രവർത്തനം 10

മേഖല - അക്കാദമികം ഉപമേഖല സോഷ്യൽ സയൻസ് ചോദ്യോത്തര ക്വിസ് - മേളകൾ - പ്രകൃതിയെ അറിയൽ (ശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രം , പ്രകൃതി പഠനം എന്നിവ ആർജിക്കൽ | പഠന യാത്രകൾ, വിത്തു മുളപ്പിക്കൽ, പൂന്തോട്ട പരിപാലനം, ചരിത്രകാരൻമാർ, സ്വാതന്ത്ര്യ സമര സേനാനികൾ - അഭിമുഖങ്ങൾ, സംവാദം - ചോദ്യോത്തര ക്വിസ് മഴവെള്ളത്തെ മണ്ണിൽത്താഴ്ത്തൽ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മഴക്കുഴി നിർമ്മാണം, വിത്തു മുളപ്പിക്കൽ, ചിത്രം ശേഖരിക്കൽ. | മധ്യമകാലം അവസരോചിതമായി | സ്വീറ്റി സാൻഡ്ര | Rs.2000/- പി.ടി.എ. |

പ്രവർത്തനം 11

മേഖല - അക്കാദമികം        ഉപമേഖല - മാലിന്യ സംസ്കരണം ഗ്രീൻ കാമ്പസ് ക്ലീൻ കാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യമുക്ത വിദ്യാലയം<br><br>ശുചിത്വ ശീലങ്ങൾ വീട്ടിലും വിദ്യാലയത്തിലും | ഗ്രീൻ കാമ്പസ് ക്ലീൻ കാമ്പസ് നടപ്പിലാക്കുന്നു. വ്യക്തി ശുചിത്വം പാലിക്കുന്നതിന് ശുചിത്വ ശീലങ്ങൾ. ബോധവൽക്കരണ ക്ലാസ്സുകൾ സ്വച്ഛ് സർവ്വേക്ഷൺ - 2018 നടപ്പിലാക്കുന്നു. ആരോഗ്യ പരിപാലകർ സന്ദർശനം - ക്ലാസുകൾ. ശുചിത്വ വാരമാചരിക്കൽ - ഹെൽത്ത് ക്ലബിന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ ഏർപ്പെടുത്തൽ - സമ്മാനങ്ങൾ നൽകുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചിത്രരചനകൾ നൽകി കളർ ചെയ്യിക്കുന്നു. | മധ്യമകാലം | സെലിൻ<br>ഷൈനി ടീച്ചർ | . |

പ്രവർത്തനം 12

**മേഖല - അക്കാദമികം** **ഉപമേഖല - വിവിധ ക്ലബുകൾ രൂപീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തിത്വ വികാസം, തുല്യപങ്കാളിത്തം. ഗ്രൂപ്പു പ്രവർത്തനം | നേച്ചർ ക്ലബ്, ഹെൽത്ത് ക്ലബ്, ഇംഗ്ലീഷ് ക്ലബ്, ഗണിത ക്ലബ്, റീഡേഴ്സ് ക്ലബ്, സേഫ്റ്റി ക്ലബ് ഇവയുടെ രൂപീകരണം. ചുമതല വിഭജിക്കൽ. ഓരോ ക്ലബിന്റെയും നേതൃത്വത്തിൽ ആഴ്ച്ചയിലൊരു ദിവസം വിലയിരുത്തൽ, വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യൽ. | മധ്യമകാലം<br>ജൂൺ മുതൽ മാർച്ച് വരെ | വിവിധ അധ്യാപകർ | . |

പ്രവർത്തനം 13

**മേഖല - അക്കാദമികം** **ഉപമേഖല - ചതുഷ്ക്രിയകൾ ഉറപ്പിക്കൽ ഗണിതശേഷികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. നിർദ്ദാരണം ചെയ്യുന്നു. | വെല്ലുവിളി ഉണർത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ - സൂക്ഷമമായും വേഗത്തിലും ചെയ്യുന്നു. ഗണിത | ഹ്രസ്വ കാലം<br>എല്ലാ ദിവസവും 4 മണി മുതൽ 4.30 വരെ | സ്വീറ്റി സാൻഡ്ര | . |

| | | | | |
|---|---|---|---|---|
| | കളി, ഗണിത ലാബ്, ഗണിത കിറ്റ്, ഗണിത സൗന്ദര്യങ്ങൾ, ഗണിത കൗതുകം, സ്ഥാനവില പോക്കറ്റ്, അബാക്കസ്.<br><br>നിർമ്മാണ മൂല ഒരുക്കുന്നു. സംഖ്യാ വ്യാഖ്യാനം, പാമ്പും കോണിയും കളി, മാന്ത്രിക ചതുരം, കടങ്കഥാകേളി, പദ പ്രശ്നങ്ങൾ, കൂട്ടങ്ങളാക്കൽ.<br><br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് - വേഗത്തിൽ എണ്ണിക്കൽ സാറ്റ് കളി, Snatch the towel കളി, മണിച്ചട്ട നിർമ്മാണം. | | | |

പ്രവർത്തനം 14

**മേഖല - അക്കാദമികം**    **ഉപമേഖല - സാഹിത്യസമാജം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുഞ്ഞുങ്ങളിലെ സാഹിത്യ വാസനകൾ വളർത്തുന്നു പ്രോത്സാഹിപ്പിക്കുന്നു. സഭാകമ്പം മാറ്റുന്നു. | വെള്ളിയാഴ്ചകളിൽ നാടൻ പാട്ട്, വിവിധ പ്രഭാഷണങ്ങൾ, ഡ്രാമ, നാടകം, സ്കിറ്റ്, ടാബ്ലോ പാവകളി, ഭാഷയിലെ | ഹ്രസ്വ കാലം<br><br>ആഴ്ച്ചയിൽ ഒരു ദിവസം<br>3.30PM വെള്ളി | വിദ്യാരംഗം കലാ സാഹിത്യ വേദി കോർഡിനേറ്റർ | . |

| | | | | |
|---|---|---|---|---|
| | വിവിധ വ്യവഹാര രൂപങ്ങൾ എന്നിവ സാഹിത്യ സമാജത്തിലൂടെ നടത്തുന്നു. | | | |

**പ്രവർത്തനം 15**

**മേഖല - അക്കാദമികം** ഉപമേഖല - **മൂല്യാധിഷ്ഠിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂല്യങ്ങൾ വളർത്തുന്നതിന്, നല്ല ശീലങ്ങൾ, ചൂഷണത്തിനെതിരെ അവബോധം | പ്രത്യേകം തയ്യാറാക്കിയ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന മോറൽ സയൻസ് പുസ്തക പഠനം. ചൈൽഡ് അഡ്വോക്കസി സെന്ററിന്റെ ബോധവൽക്കരണ ക്ലാസ്സുകൾ - ആഴ്ച്ചയിൽ ഒരു ദിവസം. മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കേൾപ്പിക്കൽ | ഹ്രസ്വ കാലം | അധ്യാപകർ | . |

**പ്രവർത്തനം 16**

**മേഖല - അക്കാദമികം** ഉപമേഖല - **ഒന്നാം ക്ലാസ് ഒന്നാം തരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക | ഒന്നാം ക്ലാസ് ആകർഷണീയമാക്കുക. പാൽപ്പാ | ഹ്രസ്വ കാലം | സെലിൻ ഷൈനി | . |

| | | | | |
|---|---|---|---|---|
| | യസം നുകരുന്ന ആസ്വാദ്യതയിൽ ക്ലാസ് തല പ്രവർത്തനങ്ങൾ കുഞ്ഞിക്കവിതകൾ, കഥകൾ, കളികൾ. കളിയുപകരണങ്ങൾ നിറഞ്ഞ ക്ലാസ് മുറികൾ | | | |

**പ്രവർത്തനം 17**

**മേഖല - അക്കാദമികം ഉപമേഖല - കായികം -മേളകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം ഉറപ്പാക്കുക. | അസംബ്ലിയോടനുബന്ധിച്ച് യോഗ. കായിക പ്രവർത്തനങ്ങൾ - മാനസിക ആരോഗ്യം നിലനിർത്തുന്ന കളികൾ, ആഴ്ച്ചയിൽ ഒരു ദിവസം P.T. പ്രത്യേക പരിശീലനം, ഹാൻഡ് ബോൾ, ഹോക്കി ഫുട്ബോൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് - ഓട്ടം, ബ്രോഡ് ജംബ് | ഹ്രസ്വകാലം<br><br>ശനിയാഴ്ച്ചകളിൽ | സമൂഹത്തിലെ പ്രഗത്ഭർ | PTA |

**പ്രവർത്തനം 18**

**മേഖല - അക്കാദമികം ഉപമേഖല - കായികം - പ്രതിഭാശേഷികൾ വളർത്തുക, പ്രവർത്തന പരിചയ മേളകൾ, കലാമേളകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ അന്തർലീന | ടാലന്റ് ലാബ് സജ്ജീകരണം. | സംഗീതം- ആഴ്ച്ചയിൽ | ശ്രീമതി. വിനീത - സംഗീതം | Rs.30000/- |

| | | | | |
|---|---|---|---|---|
| മായിരിക്കുന്ന കഴിവുകൾ കണ്ടെത്തി പരിപോഷിപ്പി ക്കുക. | കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നു. ഗ്രൂപ്പുകളാക്കുന്നു. സംഗീതം, ചിത്രരചന, കഥാ രചന, കവിതാ രചന, സാഹിത്യ വാസനകൾ, ഡാൻസ്, പ്രസംഗം എന്നിങ്ങനെയുള്ള വിവിധ നാടൻ കലകൾ ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ആർട്ട്, ക്രാഫ്റ്റ്, തയ്യൽ, Knitting, വലനിർമ്മാണം എന്നിങ്ങനെയുള്ള ഗ്രൂപ്പുകൾ ആക്കുന്നു. പ്രഗത്ഭരെ ചുമതലപ്പെടുത്തുന്നു (അധ്യാപകരുടെ നേതൃത്വത്തിൽ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് - പേപ്പർ ക്രാഫ്റ്റ്, വഞ്ചി നിർമ്മാണം മുതലായവ. | രണ്ടു ദിവസം.<br>ചൊവ്വ വ്യാഴം - 3.50 pm to 4.45 pm<br><br>ഡാൻസ്, പരിചമുട്ടുകളി - ശനിയാഴ്ച്ചകളിൽ<br><br>വുളൻ ക്ലോത്ത് നിർമ്മാണം തിങ്കൾ ബുധൻ വൈകുന്നേരം | അധ്യാപിക<br><br>പൂർവ്വ വിദ്യാർത്ഥികൾ - പ്രഗത്ഭർ<br><br>ശ്രീമതി. ട്രീസ ഫരിയ<br><br>ക്ലാസ്സ് അധ്യാപകർ | സ്പോൺസർമാരെ കണ്ടെത്തുന്നു. |

## പ്രവർത്തനം 19

**മേഖല - അക്കാദമികം** **ഉപമേഖല - ത്രിഭാഷാ പരിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി തെറ്റു കൂടാതെ എഴുതു | ഉറക്കെയുള്ള വായന (മൈക്രോഫോൺ ഉപയോ | ഹ്രസ്വകാലം<br>എല്ലാ ദിവസവും | ക്ലാസ്സ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. ഡയറിയെഴുത്ത് ശീലിപ്പിക്കുക | ഗിച്ച്) അസംബ്ലി മൂന്നു ഭാഷകളിൽ മാറി മാറി വിവിധ ദിവസങ്ങളിൽ നടത്തുന്നു. എല്ലാ ദിവസവും ഇംഗ്ലീഷ് ഡയറി, മലയാളം ഡയറി എന്നിവ ശീലിപ്പിക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ കൊടുത്ത് വായനക്കുറിപ്പ് തയ്യാറാക്കൽ. കഥ പറയൽ, കഥ പൂർത്തിയാക്കൽ, കടങ്കഥ, പഴഞ്ചൊല്ലുകൾ, പദപ്രശ്ന നിർമ്മാണം എന്നിവ നിർമ്മിക്കൽ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് - മലയാളത്തിളക്കം, ശ്രദ്ധ, ഹലോ ഇംഗ്ലീഷ് | 1.00 pm മുതൽ 1.30 pm വരെ | | |

**പ്രവർത്തനം 20**

**മേഖല - ഭൗതികം ഉപമേഖല - ഊണുമുറി - വൃത്തിയായ അന്തരീക്ഷത്തിലിരുന്ന് ഭക്ഷണം കഴിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്മാർട്ട് കിച്ചനോടു ചേർന്ന് സ്മാർട്ട് ഡൈനിംഗ് ഹാൾ | പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തി - പദ്ധതി നടപ്പിലാക്കൽ | ദീർഘ കാലം | H.M. മാനേജർ PTA | PTA മാനേജ്മെന്റ് |

## പ്രവർത്തനം 21

**മേഖല - ഭൗതികം ഉപമേഖല - കളിസ്ഥലം ഏറ്റെടുക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വന്തമായൊരു കളിസ്ഥലം | സ്കൂളിനടുത്തുള്ള ഒരു സ്ഥലം പാട്ടത്തിനെടുത്ത് കളിക്കുവാനുള്ള സ്ഥലം കണ്ടെത്തി കുട്ടികൾക്ക് നൽകുന്നു. | ദീർഘ കാലം | PTA<br>മാനേജർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>ഹെഡ്മിസ്ട്രസ് | മാനേജ്മെന്റ് |

## പ്രവർത്തനം 22

**മേഖല - ഭൗതികം ഉപമേഖല - പ്രകൃതിയെ തുറന്ന പാഠപുസ്തകമാക്കൽ - ജൈവ വൈവിധ്യ ഉദ്യാനം; ഹരിത കേരളം സുന്ദര കേരളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് തുറന്ന പാഠപുസ്തകം- ജൈവ വൈവിധ്യ ഉദ്യാനം,<br><br>ഹരിത കേരളം സുന്ദര കേരളം | പൂർവ്വ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കൂളിന്റെ പിറകു വശത്തുള്ള സ്ഥലം ഫെൻസ് കെട്ടിത്തിരിക്കുന്നു. ധാരാളം കായ്ഫ സങ്ങളുള്ള പേര, ഞാവൽ, ആത്ത, മാവ്, പ്ലാവ്, ആഞ്ഞിലി, ജാമ്പ എന്നിവയും തേക്ക്, മീഞ്ഞാറി എന്നിവ പോലുള്ളവയും വച്ചു പിടിപ്പിക്കുന്നു. സാമൂഹ്യ വിരുദ്ധർ നശിപ്പിക്കാ | ദീർഘ കാലം | പൂർവ്വ വിദ്യാർത്ഥികൾ<br>PTA<br>ഹെഡ്മിസ്ട്രസ് | Rs.25000/- |

| | | | | |
|---|---|---|---|---|
| | തിരിക്കാൻ മേൽനോട്ടം ഉദ്യാന പരിപാലനം, നനയ്ക്കൽ, പച്ചക്കറിത്തോട്ട നിർമ്മാണം കുട്ടികളേയും പങ്കാളികളാക്കുന്നു. | | | |

**പ്രവർത്തനം 23**

**മേഖല - ഭൗതികം ഉപമേഖല - കളിയുപരകണങ്ങൾ , കിഡ്സ് പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും ഉറപ്പാക്കാൻ.<br><br>ജനകീയ സംവിധാനങ്ങളുടെ പിന്തുണ ഉറപ്പാക്കൽ | പൊതുജന പ്രതിനിധികളുടെ സഹായത്തോടെ കുട്ടികൾക്ക് കളിയുപകരണങ്ങൾ കണ്ടെത്തി ക്രമീകരിക്കുന്നു. | ദീർഘ കാലം | എൽ.എസ്.ജി | കൊച്ചി കോർപ്പറേഷൻ |

**പ്രവർത്തനം 24**

**മേഖല -സാമൂഹികം ഉപമേഖല - കോർണർ പി.ടി.എ.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയം സമൂഹത്തിന്റേതാക്കൽ | പി.ടി.എ., പൂർവ്വ വിദ്യാർത്ഥികൾ. മാനേജ്മെന്റ് എന്നിവരുടെ നേതൃത്വത്തിൽ കോർണർ പി.ടി. എ. നടത്തുന്നു. വാർഷികാഘോഷം, ദിനാചരണങ്ങൾ എന്നിവ | നിശ്ചിത ദിവസങ്ങളിൽ | ഹെഡ്മിസ്ട്രസ് അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ മാനേജ്മെന്റ്, പി.ടി.എ. | സുമനസ്സുകളിലൂടെ കണ്ടെത്തുന്നു.<br><br>പി.ടി.എ. |

| | | | | |
|---|---|---|---|---|
| | കോർണർ പി.ടി. എ യിലൂടെ നട ത്തുന്നു. പൊതു ജനങ്ങളുടെ കൂട്ടായ്മ ഉറപ്പുവ രുത്തുന്നു. | | | |

**പ്രവർത്തനം 25**

**മേഖല -സാമൂഹികം ഉപമേഖല - കുഞ്ഞുങ്ങളിൽ മൂല്യബോധം വളർത്തു ന്നതിന്, സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിന്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| സാമൂഹിക പ്രതി ബദ്ധത കുട്ടിക ളിൽ വളർത്തുക. മുതിർന്നവരെ ആദരിക്കുക, സ്നേഹിക്കുക, ബഹുമാനിക്കുക എന്നീ മൂല്യങ്ങൾ വളർത്തുന്നതിന് | വയോജന ദിനാ ചരണങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി പ്രായമായ വരെ ആദരിക്കു ക, സ്നേഹിക്കു ക, ബഹുമാനി ക്കുക എന്നീ മൂല്യങ്ങൾ കുട്ടി കളിൽ സൃഷ്ടി ക്കുവാൻ സാധി ക്കുന്നു. ബോധ വൽക്കരണ ക്ലാസ്സുകൾ പ്രായ മായവരുടെ ഒത്തുചേരൽ സമ്മാനം കൊടു ക്കൽ | മധ്യമകാലം | ഹെഡ്മിസ്ട്രസ് പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ. | Rs.10000/- പൂർവ്വ വിദ്യാർത്ഥി കൾ, പി.ടി. എ., എൽ. എസ്.ജി. |

**പ്രവർത്തനം 26**

**മേഖല -സാമൂഹികം ഉപമേഖല - ലഹരിവിമുക്ത കേരളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി വിമുക്ത കാമ്പസ് ചൂഷണത്തിനെ | പോക്സോ പദ്ധതി നടപ്പിലാ ക്കുന്നു. ബോധ വൽക്കരണ | ഹ്രസ്വ കാലം | അധ്യാപകർ പി.ടി.എ. | Rs.2000/- സ്പോൺസർഷി പ്പിലൂടെ |

| | | | | |
|---|---|---|---|---|
| തിരെ അവ ബോധം സൃഷ്ടിക്കൽ | ക്ലാസ്സുകൾ നട ത്തുന്നു. രക്ഷാ കർത്തൃ ബോധ വൽക്കരണം. പ്രജിജ്ഞ സന്ദേശം - സമയ ബന്ധിത മായി. റാലികൾ, തെരുവു നാട കങ്ങൾ. | | | |

# പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിനു വേണ്ടി' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയപ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മൂല്യങ്ങൾ വളർത്താൻ കഴിയുന്നു.

# പഠനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ തല പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അനുഭവവേദ്യമാക്കുന്നു. | ഒരു വർഷക്കാലം കുട്ടികൾ നേടിയ ശേഷികളും ക്ലാസ്സ്‌തല പ്രവർത്തനങ്ങളും ക്രോഡീകരിച്ച് എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും വിവിധ പ്രദേശങ്ങളിലായി കുട്ടികളുടെ പ്രകടനങ്ങൾ പൊതുജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | ഷെലിൻ<br>ഷൈനി<br>PTA | |

# 2024-25 അധ്യായന വർഷത്തിൽ ഏറ്റെടുത്തിരിക്കുന്ന പ്രോജക്ട്.

* എല്ലാ കുട്ടികളും മലയാളം എഴുത്തും വായനയിലും പ്രാവിണ്യം നേടുന്നതിന്.
* ശാസ്ത്രാഭിരുചി പ്രോത്സാഹനം (ശാസ്ത്ര പരീക്ഷണങ്ങൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും മലയാളം തെറ്റുകൂടാതെ എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുന്നു. | • അക്ഷരങ്ങൾ ഉറക്കാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.<br>• ഉച്ചയ്ക്കും ക്ലാസ്സിനു ശേഷം വൈകിട്ടും പ്രത്യേക പരിശീലനം നൽകുന്നു.<br>• ഉറക്കെ വായിപ്പിക്കുന്നു.<br>• മൈക്കിൽ വായിപ്പിക്കുന്നു.<br>• വായനാ കാർഡുകൾ, അക്ഷര കാർഡുകൾ ഇവ നൽകി വായനയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നു.<br>• കഥാവായന<br>• വിവരണങ്ങൾ<br>• ലേഖനങ്ങൾ | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രാഭിരുചി വളർത്തുക.<br>• പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.<br>• പൊതുജനങ്ങൾക്ക് പരീക്ഷണങ്ങൾ കാണുന്നതിനും പരിചയപ്പെടുന്നതിനും ഉള്ള പൊതുജന സദസ്സ് ഒരുക്കുന്നു. | ജൂലൈ മാസത്തോടു കൂടി 2,3,4 കുട്ടികളെ അനുയോജ്യമായ ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നതിന് അവസരം ഒരുക്കുന്നു.<br>ഓരോ ടേബിലും നിശ്ചിത എണ്ണം പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്നു.<br>നിശ്ചിത ഇടവേളകളിൽ പൊതുജനങ്ങൾക്ക് കാണുവാനും മനസ്സിലാക്കുവാനും സാധിക്കുന്ന തരത്തിൽ പരീക്ഷണ സദസ്സുകൾ നടത്തുന്നു. | ജൂലൈ മുതൽ മാർച്ച് | 2,3,4 ക്ലാസ്സ് ടീച്ചേഴ്സ് | |